പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 403

28.06.2012- ലെ
മറുപടിക്ക്

## ചകിരി ഇറക്കുമതിയും സംഭരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>,, പി. തിലോത്തമൻ<br>,, വി. ശശി<br>,, ജി.എസ്. ജയലാൽ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് ചകിരി ഇറക്കുമതി ചെയ്യുന്നുണ്ടോ; എങ്കിൽ എവിടെ നിന്നെല്ലാം; പ്രതിവർഷം ഇറക്കുമതി ചെയ്യുന്ന ചകിരി എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ - സ ംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേയ്ക്ക് ചകിരി ഇറക്കുമതി ചെയ്യുന്നത്. ഭൂ രിഭാഗവും തമിഴ്നാട്ടിൽ നിന്നാണ് .<br>പ്രതിവർഷം ഏകദേശം 2.02 ലക്ഷം മെട്രിക് ടൺ ചകിരി ഇറക്കുമതി ചെയ്യുന്നതായി കണക്കാ-ക്കപ്പെടുന്നു. |
| (ബി)കേരളത്തിൽ തൊണ്ട് സംഭരിക്കുന്നതിനായി നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. തൊണ്ട് സംഭരിക്കുന്നത് ശക്തിപ്പെടുത്തുന്നതിനായി സർക്കാർ തൊണ്ടു സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു ണ്ട്. ഈ പദ്ധതി പ്രകാരം ഇതിനായി 36 തൊ ണ്ട് സംഭരണ കൺസോർഷ്യ-ങ്ങൾ രൂ പീകരിച്ചിട്ടുണ്ട്. ഓരോ കൺസോർഷ്യത്തിനും 5.00 ലക്ഷം രൂ പ വീതം റിവോൾവിംഗ് ഫണ്ടായി അ നുവദിച്ചിട്ടുണ്ട്..<br>തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്കു പു റമെ ഡീഫൈബറിംഗ് യൂണിറ്റുകൾ വഴിയും സ്വകാര്യ യൂണിറ്റുകൾ വഴിയും കയർഫെഡ് തൊണ്ട് സംഭരിച്ച് ചകിരിയാക്കി മാറ്റിം ഗ് സംഘങ്ങൾക്ക് നൽകുന്നുണ്ട്. ചെറുകിട സംരംഭകരും സംഘങ്ങളും നേരിട്ട് തൊണ്ട് സ ംഭരിക്കുന്നുണ്ട്. തൊണ്ടു സംഭരണ പദ്ധതി ഇപ്പോൾ ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചും, |

| | |
|---|---|
| | കമ്മിറ്റികളുടെ ഘടനയിൽ മാറ്റം വരുത്തിയും പരിഷ്ക്കരിച്ചു നടപ്പിലാക്കി വരികയാണ്. |
| സി)തൊണ്ട് സംഭരണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള സാദ്ധ്യതയുണ്ടോ ? | സി) സംസ്ഥാനത്തെ തൊണ്ട് സംഭരണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള സംസ്ഥാന സർക്കാരിന്റെ പ്രൊപ്പോസൽ കേന്ദ്ര - സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ